പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2994 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുവിദ്യാഭ്യാസ മേഖലയിൽ ഫയൽ അദാലത്ത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ദീർഘകാലമായി പരിഗണിക്കപ്പെടാതെ നിലനിൽക്കുന്ന നിയമനാംഗീകാര, സേവന-വേതന വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

മറുപടി: പൊതുവിദ്യാഭ്യാസ മേഖലയിൽ നിയമനാംഗീകാര, സേവനവേതന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരള വിദ്യാഭ്യാസ ആക്ടും ചട്ടങ്ങളും കേരള സർവീസ് ചട്ടങ്ങളും നിലവിലുണ്ട്. പ്രസ്തുത ചട്ടങ്ങൾ പാലിക്കാതെ നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് തടസ്സമുള്ളത്. ചട്ടം പാലിച്ചുള്ള നിയമനങ്ങൾ കാലതാമസം കൂടാതെ അംഗീകരിക്കുന്നുണ്ട്. കൂടാതെ ഓരോ വിഷയത്തിലും സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും കാലാകാലങ്ങളിൽ ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. അതോടൊപ്പം ഈ മേഖലയിൽ ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിലും ഡയറക്ടർ തലത്തിലും വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സീകരിക്കുകയും ചെയ്യുന്നുണ്ട്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ജില്ലാ, സംസ്ഥാന തലത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുമുണ്ട്.

(ബി) നിയമനാംഗീകാരം, സേവന-വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ, സംസ്ഥാന തലത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; അദാലത്തുകളിൽ ഫയൽ തീർപ്പു കൽപ്പിക്കുന്നതിനു പകരം യാന്ത്രികമായി മടക്കുന്ന സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതൊഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദേശം നൽകുമോ;

മറുപടി: നിയമനാംഗീകാരം, സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ട 'റിസോൾവ്' പ്രോഗ്രാമിലൂടെ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടം 14.09.2026 ൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകൾ ഉൾപ്പെടുന്ന ദക്ഷിണ മേഖല അദാലത്ത് കോട്ടയം എം.ടി സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. രണ്ടാം

ഘട്ടം 26.09.2026 ൽ ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ ഉൾപ്പെടുന്ന മധ്യമേഖല അദാലത്ത് തൃശ്ശൂർ ചാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ചും സംഘടിപ്പിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത പ്രസ്തുത അദാലത്തുകളിൽ തീർപ്പാക്കാൻ കഴിയുന്ന ഫയലുകൾ എല്ലാം തന്നെ അദാലത്ത് ദിവസം തീർപ്പാക്കിയിട്ടുണ്ട്. അദാലത്തുകളിൽ ഫയൽ തീർപ്പു കൽപ്പിക്കുന്നതിനു പകരം യാന്ത്രികമായി മടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനാംഗീകാര, സേവന-വേതന പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ഒരു പൊതുമാർഗ്ഗ നിർദ്ദേശം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>മറുപടി:</u> ചട്ടങ്ങൾ പാലിച്ച് മാത്രം നിയമനം നടത്തിയാൽ നിയമനാംഗീകാരത്തിലെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നതാണ്. നിയമനാംഗീകാര, സേവന-വേതന പ്രശ്നങ്ങൾ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഫയൽ അദാലത്തുകൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ